# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.357

25.06.2018-ൽ മറുപടിയ്ക്ക്

### പട്ടികവിഭാഗക്കാർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. കെ. കുഞ്ഞിരാമൻ | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സാർവത്രികവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസത്തിലൂടെ പട്ടികജാതിക്കാരെയും പട്ടികഗോത്ര വർഗ്ഗക്കാരെയും മുഖ്യധാരയിലേക്കെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ; | (എ) | പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഇതര വിഭാഗത്തിനൊപ്പമെത്തിക്കുന്നതിനു ബന്ധപ്പെട്ട വകുപ്പുകൾ നടപ്പാക്കുന്ന പ്രധാന വിദ്യാഭ്യാസ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>1. പ്രീ-മെട്രിക്തലത്തിൽ ലംപ്സംഗ്രാന്റ്<br>2. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിന് ഫീസ്, ഹോസ്റ്റൽ ചെലവ്, സ്റ്റൈപ്പന്റ്<br>3. 1 മുതൽ 8 വരെയുള്ളവർക്ക് 2000 രൂപ വീതം പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്<br>4. റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ചു പഠിക്കുന്നതിനുള്ള അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്<br>5. 9,10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ് .(കേന്ദ്ര പദ്ധതി)<br>6. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്.<br>7. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസുൾപ്പെടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ.<br>8. ലാപ്ടോപ് ധനസഹായം, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം. |

| | | | |
|---|---|---|---|
| | | | 9. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)<br>10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം.<br>11. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.<br>12. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.<br>13. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം.<br>14. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം.<br>15. ബുക്ക് ബാങ്ക് സ്കീം.<br>16. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.<br>17. പ്രീ-മെട്രിക് ഹോസ്റ്റൽ<br>18. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ<br>19. ഐ.റ്റി.ഐ.കൾ<br>20. പി.ഇ.റ്റി.സി.<br>21. ക്രെസ്റ്റ് വഴി നൽകുന്ന മികവ് നേടുന്നതിനുള്ള പരിശീലനം.<br>22. നഴ്സറി സ്കൂളുകൾ<br>23. ICSETS വഴി നൽകുന്ന സിവിൽ സർവ്വീസ് പരിശീലന സഹായം.<br>24. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം<br>25. മെഡിക്കൽ കോളേജ്, പാലക്കാട്.<br>26. പഠനമുറി പദ്ധതി<br>27. വിദേശപഠനസഹായം. |

| | | |
|---|---|---|
| | | **<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നു. പെരിപ്പെതെറ്റിക്, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാൻറും നൽകുന്നു.<br>പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് **"പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് സ്കീം"** എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തു വരുന്നു.<br>കൂടാതെ മെഡിക്കൽ എഞ്ചിനിയിറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചിലവിനത്തിൽ ധനസഹായം നൽകുന്നു.<br>സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് സ്കോളർഷിപ്പ് നൽകുന്നു.<br>**<u>വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>**<br>പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി വികാസ് വാടികൾ, കിൻറർ ഗാർട്ടൻ, ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. വിദൂര കോളനികളിലെ കുട്ടികൾക്ക് 1 മുതൽ 4-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തിനായി പെരിപ്പെതെറ്റിക് സെന്ററുകളും, ഏകാദ്ധ്യാപക വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. വകുപ്പിനു കീഴിൽ 2 ഐ.റ്റി.ഐ. കളും ഒരു ഉത്പാദന പരിശീലന കേന്ദ്രവും, സാങ്കേതിക തൊഴിലുകൾ പരിശീലനം നൽകുന്നതിന് 10 മാതൃകാ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.<br>വകുപ്പിനു കീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.<br>**<u>വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പ്രത്യേക പരിപാടികൾ</u>**<br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത |

| | | | |
|---|---|---|---|
| | | | കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം നൽകി വരുന്നു.<br>പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തികവർഷം മുതൽ വകുപ്പ് നടപ്പിലാക്കുന്നു.<br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുള്ള റ്റി.റ്റി.സി, ബി.എഡ്. പാസ്സായ യുവതി യുവാക്കളെ മെൻറർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി ആദ്യ ഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കി.<br>വിദൂരവും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന 'ഗോത്രസാരഥി പദ്ധതി'യും വകുപ്പ് നടപ്പിലാക്കി വരുന്നു.<br>അട്ടപ്പാടിയിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2016-17 വർഷം മുതൽ സൈനിക സ്കൂൾ, നവോദയ വിദ്യാലയം, എം.ആർ.എസ്സുകൾ, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പരീക്ഷാ പരിശീലനം 'CARSEL' എന്ന സ്ഥാപനം മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രീമെട്രിക്, പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; കോളേജുകൾ ഉൾപ്പെടെയുള്ള സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭ്യമാണോ; | (ബി) | പ്രീമെട്രിക് പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങളുടെ നിരക്ക് 23/07/2016 ലെ സ.ഉ. (എം.എസ്.) നം.04/2016/പജപവവിവ പ്രകാരം 25% വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പെടെ ഈ ആനുകൂല്യങ്ങൾ നൽകി വരുന്നു. |
| (സി) | ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലും വിദേശ സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള രാജ്യാന്തര സ്ഥാപനങ്ങളിലും പഠിക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | (സി) | വിദേശ സർവ്വകലാശാലകളിൽ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ.ഉ.(കൈ) 81/2017/പജപവവിവ തീയതി: 04.10.2017 സർക്കാർ ഉത്തരവ് പ്രകാരം ആനുകൂല്യങ്ങൾ നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**